പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3638 20/06/2019-ൽ മറുപടിക്ക്

**ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പാക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ | സ്വകാര്യ ആശുപത്രികളിൽ പരിശോധനയ്ക്കും രോഗനിർണ്ണയത്തിനും ഏർപ്പെടുത്തിയിരിക്കുന്ന ചാർജ്ജുകൾ ഏകീകരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | എ | സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിലെ ചാർജ്ജുകൾ നിയന്ത്രിക്കുന്നതിന് സർക്കാരിന് അധികാരം തരുന്ന നിയമം നിലവിലില്ല. |
| ബി | എല്ലാ സ്വകാര്യ ആശുപത്രികളിലും, പരിശോധനയ്ക്കും രോഗനിർണ്ണയത്തിനും ഈടാക്കുന്ന ചാർജ്ജുകൾ പ്രദർശിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വികരിക്കുമോ; | ബി | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം നിലവിൽ താല്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. സ്ഥിരം രജിസ്ട്രേഷന്റെ സമയത്ത് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങൾ (സ്ഥാപനം ലഭ്യമാക്കുന്ന സേവനങ്ങൾ, നിരക്കുകൾ, ജീവനക്കാരുടെ വിവരങ്ങൾ, ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവ) അപ് ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ രജിസ്ട്രേഷൻ പൂർണ്ണമാക്കുന്ന വേളയിൽ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളിലും അവിടെ ലഭ്യമായ സേവനങ്ങളും, നിരക്കുകളും പൊതുജനങ്ങൾക്കുവേണ്ടി പ്രദർശിപ്പിക്കേണ്ടതുമാണ്. |
| സി | പൊതു ജനാരോഗ്യ രംഗത്ത് നടക്കുന്ന പകൽക്കൊള്ള അവസാനിപ്പിക്കുന്നതിന് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം കർശനമായി നടപ്പാക്കാൻ നടപടി കൈക്കൊള്ളുമോ? | സി | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ